# കാലിക്കറ്റ് സർവ്വകലാശാല
## ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻ

### <u>പത്രക്കുറിപ്പ്</u>

2020-21 അധ്യയന വർഷത്തെ പി.ജി. ഏകജാലക പ്രവേശനത്തോടനുബന്ധിച്ച് കോളേജുകളിൽ നിലവിലുള്ള ഒഴിവുകളിലേക്കും തുടർന്ന് വരാവുന്ന ഒഴിവുകളിലേക്കും റിപ്പോർട്ട് ചെയ്യാൻ വിദ്യാർത്ഥികൾക്ക് അവസരം. നിലവിൽ വെയിറ്റിംങ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്കും 05.01.2021 വരെ ലേറ്റ് രജിസ്ട്രേഷൻ പൂർത്തീകരിച്ചവർക്കും ഓൺലൈനായോ കോളേജിൽ നേരിട്ട് ചെന്നോ റിപ്പോർട്ട് ചെയ്യാവുന്നതാണ്.

നിലവിൽ വെയിറ്റിംങ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർ ഓൺലൈൻ റിപ്പോർട്ട് ചെയ്യാനായി സർവ്വകലാശാല അഡ്മിഷൻ വെബ് സൈറ്റിലുള്ള 'PGCAP2020 Waiting Ranklist Student Login' ൽ ലോഗിൻ ചെയ്ത് താൽപര്യമുള്ള കോളേജ്/കോഴ്സ് ഓപ്ഷനുകൾക്ക് നേരെയുള്ള Report എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് റിപ്പോർട്ടിംങ് പൂർത്തീകരിക്കേണ്ടതാണ്. ലേറ്റ് രജിസ്ട്രേഷൻ പൂർത്തീകരിച്ചവർ ഓൺലൈൻ റിപ്പോർട്ട് ചെയ്യാനായി സർവ്വകലാശാല അഡ്മിഷൻ വെബ് സൈറ്റിലുള്ള 'PGCAP2020 Late Registration Student Login' ൽ ലോഗിൻ ചെയ്ത് താൽപര്യമുള്ള കോളേജ്/കോഴ്സ് ഓപ്ഷനുകൾക്ക് നേരെയുള്ള Report എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് റിപ്പോർട്ടിംങ് പൂർത്തീകരിക്കേണ്ട താണ്.

അപേക്ഷാ സമയത്ത് തെറ്റ് വരുത്തിയിട്ടുള്ള വിദ്യാർത്ഥികൾ നിർബന്ധമായും കോളേജിൽ നേരിട്ടുപോയി റിപ്പോർട്ട് ചെയ്യേണ്ടതാണ്. വിദ്യാർത്ഥികൾക്കോ അവരുടെ പ്രതിനിധികൾക്കോ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടാൻ ഉദ്ദേശിക്കുന്ന കോളേജിൽ റിപ്പോർട്ട് ചെയ്യാവുന്നതാണ്.

ഓൺലൈനായോ കോളേജിൽ നേരിട്ടോ റിപ്പോർട്ട് ചെയ്യുന്ന വിദ്യാർത്ഥികളെ ഉൾപ്പെടുത്തി കോളേജുകൾ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്ന് 12.01.2021 മുതൽ 14.01.2021 വൈകിട്ട് 3 മണിവരെ അഡ്മിഷൻ നടത്തുന്നതായിരിക്കും.

ഡയറക്ടർ

C.U. Campus
06.01.2021